ഉത്തരം

(എ) താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനച്ചത്.

1. കാടകോഴി വളർത്തൽ.
2. മത്സ്യത്തൊഴിലാളി മേഖലയിൽ ബോധവൽക്കരണം.
3. ടീച്ചേഴ്സ് ബാങ്ക്.
4. ഹൈടെക് എഞ്ചിനീയറിംഗ് കോളേജ്.
5. ഡൊമിനിലിയറി പാലിയേറ്റീവ് കാൻസർ കെയർ പദ്ധതി.
6. സെന്റർ ഫോർ ഇന്റർ ഡിസിപ്ലിനറി മെഡിക്കൽ.
7. നഗരസന്ദർശകർക്ക് ശുദ്ധജലം ലഭ്യമാക്കൽ.
8. തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ കോൺക്രീറ്റ് പോസ്റ്റുകൾ ലഭ്യമാക്കൽ

(ബി) അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്, പദ്ധതി നടപ്പിലാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ട്, ജില്ലാ പ്ലാനിംഗ് എക്സ്പെർട്ട് കമ്മിറ്റിയുടെ അനുമതി ലഭിക്കായ്ക എന്നീ കാരണങ്ങളാലാണ് മേൽപ്പറഞ്ഞ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതില്ലെന്നു തീരുമാനിച്ചിട്ടുള്ളത്.

(സി) 21,37,000 രൂപ.

(ഡി) 1316 പേർ.

146 (727) തിരുവനന്തപുരം നഗരസഭയുടെ പ്രവർത്തനം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ പ്രവർത്തനത്തിൽ ഗുരുതരമായ ധനാപഹരണം നടന്നിട്ടുള്ളതായി പെർഫോമൻസ് ഓഡിറ്റ് വിഭാഗം കണ്ടെത്തിയിരുന്നുവോ;

(ബി) ഇതുസംബന്ധിച്ചു നഗരസഭയുടെമേൽ നടപടി സ്വീകരിക്കുവാൻ ഓഡിറ്റ് വിഭാഗം ശുപാർശ ചെയ്തുവോ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടി എടുത്തു;

(ഡി) നഗരസഭയിലെ ഏത് ഉദ്യോഗസ്ഥനെ സസ്പെന്റ്ചെയ്ത് അന്വേഷണം നടത്തണമെന്നാണ് പെർഫോമൻസ് ഓഡിറ്റ് വിഭാഗം ശുപാർശ ചെയ്തിരുന്നത്;

(ഇ) ഈ ആവശ്യം നടപ്പാക്കിയോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) ഇല്ല. എന്നാൽ നിർവഹണ ഉദ്യോഗസ്ഥനായ ജില്ലാ മൃഗസംരക്ഷണ ഓഫീസർ, 1997-98-ൽ നടപ്പിലാക്കിയ രണ്ടു പദ്ധതികൾക്ക് അധികം തുക നൽകിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) മേൽ പരാമർശിച്ച രണ്ടു ഇനങ്ങളിൽ നൽകിയ അധിക തുക ബന്ധപ്പെട്ടവരിൽനിന്ന് ഈടാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടിൻമേലുള്ള നഗരസഭയുടെ അഭിപ്രായം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇപ്രകാരം ശുപാർശ ചെയ്തിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

147 (728) ഹൈക്കോടതി കേസ്സുകൾക്ക് ചെലവാക്കിയ തുക

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ 1996-97, 1997-98, 1998-99, 1999-2000 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഹൈക്കോടതിയിലെ കേസ്സുകൾക്കായി എന്തു തുക ചെലവാക്കിയിട്ടുണ്ട്;

(ബി) ഇത്രയും തുക ചെലവഴിച്ചതുകൊണ്ട് നഗരസഭയ്ക്ക് ഓരോ വർഷവും എന്തു തുക റവന്യൂ വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭ 1996-97 മുതൽ 1999-2000 വരെ ഹൈക്കോടതിയിലെ കേസ്സുകൾക്കായി ചെലവാക്കിയ തുകയുടെ വിവരം താഴെ പറയും പ്രകാരമാണ്.

1996-97	:	40035 രൂപ
1997-98	:	549595 രൂപ
1998-99	:	642650 രൂപ
1999-2000	:	517358 രൂപ

(ബി) ഹൈക്കോടതി കേസ്സുകൾക്കായി തുക ചെലവഴിച്ചതുകൊണ്ട് സഗരസഭയ്ക്ക് ഉണ്ടായ വരുമാനം കണക്കാക്കിയിട്ടില്ല.

148 (729) തൊഴിൽ നികുതി വർദ്ധന

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളപരിഷ്ക്കരണത്തിനുശേഷം വിവിധ കാറ്റഗറികളിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് മൊത്തം ശമ്പളത്തിൽ നാമമാത്രമായ വർദ്ധനവ് ലഭിച്ച പ്പോൾ, തൊഴിൽ നികുതി ഇനത്തിൽ പത്തും പതിനഞ്ചും ഇരട്ടി വർദ്ധനവ് ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ആരെല്ലാമാണ് നിവേദനം നൽകിയത്;

(സി) ഇതിൻമേൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) തൊഴിൽ നികുതി ശമ്പള വർദ്ധനവിന് ആനുപാതികമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly